## തിരുവനന്തപുരം ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

വിഷയം:- ആ.വ.ഡ. - ജീവനക്കാര്യം - ടൈപ്പിസ്റ്റുമാരിൽ നിന്നും തസ്തികമാറ്റം വഴി കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിൽ നിയമിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 19/10/2022 തീയതിയിലെ ഇതേ നം. ഉത്തരവ്.

**ഉത്തരവ് നം. ഇ.ഡി.4-13/2020/ആ.വ.ഡ., തീയതി: 04/11/2022.**

ആരോഗ്യവകുപ്പിൽ ടൈപ്പിസ്റ്റ്മാരിൽ നിന്നും തസ്തികമാറ്റം വഴി കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിൽ നിയമനം നടത്തുന്നതിന് അപേക്ഷ ക്ഷണിച്ചിട്ടുള്ളതും പരാമർശം പ്രകാരം സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്.

ടി തസ്തികയിൽ വിരമിക്കൽ വഴി 01/05/2022 -ൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. ടി ഒഴിവിലേയ്ക്ക് പരാമർശം പ്രകാരമുള്ള ടൈപ്പിസ്റ്റുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ നിന്നും കോൺഫിഡൻഷ്യൽ അസിസ്റ്റന്റായി സ്ഥാനക്കയറ്റം നൽകി നിയമിക്കാവുന്നതാണ്. ടി സീനിയോറിറ്റി ലിസ്റ്റിൽ നിന്നും റാങ്ക് നം. 1 ആയ ശ്രീമതി ഷോമ പി. എൽ., എൽ.ഡി. ടൈപ്പിസ്റ്റ്, താലൂക്ക് ആസ്ഥാന ആശുപത്രി, ഒറ്റപ്പാലം, പാലക്കാട് -നെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിൽ തസ്തികമാറ്റം വഴി 27900 - 63700 ശമ്പള സ്കെയിലിൽ കെ.എസ്.&എസ്.എസ്.ആർ. ഭാഗം ചട്ടം 286 (ii) പ്രകാരം സ്ഥാനക്കയറ്റം നൽകി തിരുവനന്തപുരം, തൈക്കാട്, കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് & ഫാമിലി വെൽഫെയർ ട്രെയിനിംഗ് സെന്റർ -ൽ നിയമിച്ച് ഇതിനാൽ ഉത്തരവാകുന്നു. ടി തസ്തികയിലെ പ്രൊബേഷൻ കാലയളവ് തുടർച്ചയായ രണ്ട് വർഷ സേവനത്തിനുള്ളിൽ ഒരു വർഷത്തെ യഥാർത്ഥ സേവനമാണ്.

ശ്രീമതി ഷോമ പി. എൽ., എൽ.ഡി. ടൈപ്പിസ്റ്റ് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം മേലധികാരി മുമ്പാകെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിൽ ജോലിയിൽ പ്രവേശിക്കേണ്ടതാണ്.

(ഒപ്പ്)
ശോഭ വി.
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

സ്വീകർത്താവ്:

ശ്രീമതി ഷോമ പി. എൽ.., എൽ.ഡി. ടൈപ്പിസ്റ്റ്, താലൂക്ക് ആസ്ഥാന ആശുപത്രി, ഒറ്റപ്പാലം, പാലക്കാട്

പകർപ്പ്:-

1. ആരോഗ്യവകുപ്പ് ഡയറക്ടറുടെ/സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ സി.എ.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), പാലക്കാട്/തിരുവനന്തപുരം.
3. സൂപ്രണ്ട്, താലൂക്ക് ആസ്ഥാന ആശുപത്രി, ഒറ്റപ്പാലം, പാലക്കാട്.
4. പ്രിൻസിപ്പാൾ, കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹെൽത്ത് & ഫാമിലി വെൽഫെയർ ട്രെയിനിംഗ് സെന്റർ, തൈക്കാട്, തിരുവനന്തപുരം
5. ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ ഔദ്യോഗിക വെബ്.സൈറ്റ്
6. ഫയൽ/കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

Beena

സൂപ്രണ്ട്

ജിആർആർ-04/11